**No. CEE/3600/KEAM-2021/TA2**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## കേരള എഞ്ചിനീയറിംഗ്/ ഫാർമസി പ്രവേശന പരീക്ഷ (KEAM)-2021

### കോവിഡ് പോസിറ്റീവ്/ക്വാറന്റൈനിൽ ഉള്ള വിദ്യാർത്ഥികൾ വിവരങ്ങൾ സമർപ്പിക്കുന്നത് സംബന്ധിച്ച്

2021 ആഗസ്റ്റ് 5 ന് നടക്കുന്ന കേരള എഞ്ചിനീയറിംഗ്/ഫാർമസി പ്രവേശന പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളിൽ പരീക്ഷാ ദിവസം കോവിഡ് പോസിറ്റീവ്/ക്വാറന്റൈനിൽ ഉള്ളവർക്ക് പരീക്ഷാ കേന്ദ്രങ്ങളിൽ പ്രത്യേകം സൗകര്യം സജ്ജമാക്കുന്നതിനായി പ്രസ്തുത വിവരങ്ങൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ മുഖേന സമർപ്പിക്കേണ്ടതാണ്. ഇതിനായി വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **KEAM-2021 Candidate Portal** ൽ ആപ്ലിക്കേഷൻ നമ്പരും പാസ് വേഡും നൽകി ലോഗിൻ ചെയ്യുമ്പോൾ ലഭ്യമാകുന്ന **'CEE COVID Help Desk'** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് കോവിഡ് പോസിറ്റീവ്/ക്വാറന്റൈൻ എന്നീ വിവരങ്ങൾ സമർപ്പിക്കേണ്ടതാണ്. കോവിഡ് പോസിറ്റീവ്/ക്വാറന്റൈൻ വിവരം രേഖപ്പെടുത്തിയ വിദ്യാർത്ഥികളിൽ പരീക്ഷയ്ക്കു മുമ്പായി കോവിഡ് പോസിറ്റീവ്/ ക്വാറന്റൈൻ അവസ്ഥയ്ക്ക് മാറ്റം വരുന്ന പക്ഷം പ്രസ്തുത വിവരം മേൽ പറഞ്ഞ ലിങ്കിൽ ഓൺലൈൻ മുഖേന രേഖപ്പെടുത്തേണ്ടതാണ്. വിദ്യാർത്ഥികൾക്ക് കോവിഡ് പോസിറ്റീവ്/ ക്വാറന്റൈൻ വിവരം അവരവരുടെ അഡ്മിറ്റ് കാർഡിൽ രേഖപ്പെടുത്തിയിട്ടുള്ള സി.ഇ.ഇ റപ്രസെന്റേറ്റീവിന്റെ നമ്പരിൽ നേരിട്ടും അറിയിക്കാവുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ: 0471-2525300**

തിരുവനന്തപുരം
31.07.2021

**പ്രവേശന പരീക്ഷാ കമ്മീഷണർ**